LIBRARY ARCHIVES Kerala Legislative Assembly

അട്ടപ്പാടി വാലി ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായി കുടിയിറക്കപ്പെട്ട ആദിവാസി കുടുംബങ്ങൾ

295 (2533) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടി വാലി ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായി എത്ര ആദിവാസി കുടുംബങ്ങളെ കുടിയിറക്കി ; കുടിയിറക്കപ്പെട്ട ആദിവാസി കുടുംബങ്ങളുടെ എത്ര ഏക്കർ ഭൂമിയാണ് ഏറ്റെടുത്തത് ;

(ബി) ഇവരിൽ എത്ര കുടുംബങ്ങളെ പുനരധിവസിപ്പിച്ചു ; എത്ര പേർക്ക് നഷ്ടപരിഹാരം നൽകി ;

(സി) പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥയെന്താണ് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 83 ആദിവാസി കുടുംബങ്ങളെ കുടിയിറക്കി. 60 ഏക്കർ ഭൂമി ഏറ്റെടുത്തു.

(ബി) 51 കുടുംബങ്ങളെ പുനരധിവസിപ്പിച്ചു. എല്ലാവർക്കും നഷ്ടപരിഹാരം നൽകി.

(സി) പദ്ധതി ഇപ്പോഴും പര്യവേക്ഷണ ഘട്ടത്തിലാണ്. പുതുക്കിയ C.P.W.D. (DSR-2014) നിരക്ക് പ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയും വനം-പാരിസ്ഥിതിക അനുമതികൾക്കായി അപേക്ഷ സമർപ്പിക്കുകയും അനന്തര നടപടികൾ കൈക്കൊള്ളുകയും ചെയ്തു വരുന്നു.

അട്ടപ്പാടി പാക്കേജ്

296 (2534) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ പ്രഖ്യാപിച്ച അട്ടപ്പാടി പാക്കേജിന്റെ വിശദവിവരം നൽകുമോ ; ആയത് നടപ്പിലാക്കുന്നതിൽ സർക്കാരിന് വീഴ്ച പറ്റിയതായി അംഗീകരിക്കുന്നുവെന്ന മാദ്ധ്യമ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം കാര്യങ്ങളിലാണ് സർക്കാരിന് വീഴ്ച പറ്റിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) അട്ടപ്പാടിയിൽ തുടരെത്തുടരെ നടക്കുന്ന ശിശുമരണത്തിനെതിരെ നടന്ന സമരത്തിന്റെ പശ്ചാത്തലത്തിൽ സർക്കാർ അംഗീകരിച്ച പാക്കേജ് എന്തെല്ലാമാണ്, വിശദവിവരം നൽകുമോ ;

(സി) പ്രസ്തുത പാക്കേജ് നടപ്പിലാക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പിന് നേതൃത്വം നൽകാൻ പ്രസ്തുത വകുപ്പിന് തനതായ ഒരു പ്രോജക്ട് ഓഫീസ് ഇല്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ആയത് പരിഹരിക്കും എന്നു പറയുന്നതല്ലാതെ ഈ പ്രശ്നത്തിൽ പരിഹാരം കാണുന്നതിനും പ്രോജക്ട് ഓഫീസ് (ടൈബൽ) ആരംഭിക്കുന്നതിനും പ്രഖ്യാപനം വിട്ട് ആത്മാർത്ഥമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) അട്ടപ്പാടി പാക്കേജ് എന്ന പദ്ധതി പ്രത്യേകമായി നിലവിലില്ല. എന്നാൽ അട്ടപ്പാടിയിലെ ശിശുമരണങ്ങൾ ശ്രദ്ധയിൽപ്പെട്ടതിനുശേഷം വിവിധ സർക്കാർ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിച്ചുകൊണ്ടുള്ള തുടർനടപടികളാണ് സ്വീകരിച്ചുവരുന്നത്. അട്ടപ്പാടിയിൽ പദ്ധതി നടപ്പാക്കുന്നതിനും വിവിധ വകുപ്പുകൾ നടപ്പാക്കുന്ന പദ്ധതികൾ ഏകോപിപ്പിക്കുന്നതിനും ഒറ്റപ്പാലം സബ്കളക്ടറെ നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. കൂടാതെ പദ്ധതി നടത്തിപ്പിൽ വീഴ്ച പറ്റുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ഉചിതമായ നടപടി സർക്കാർതലത്തിൽ സ്വീകരിക്കുന്നതാണ്. കൂടാതെ, സ്ഥലം എം.പി., എം.എൽ.എ., ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, മെമ്പർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, മൂന്ന് ഗ്രാമ പഞ്ചായത്തുകളിലെ പ്രസിഡന്റുമാർ, ഒറ്റപ്പാലം സബ്കളക്ടർ (മെമ്പർ കൺവീനർ) എന്നിവരടങ്ങുന്ന ഒൻപതംഗ ഏകോപന സമിതി രൂപീകരിക്കുക, ഭക്ഷ്യ പൊതു വിതരണ വകുപ്പ് മുഖേന മുമ്പ് നൽകിയതുപോലെ റാഗി വിതരണം ചെയ്യുക, അട്ടപ്പാടി മേഖലയിൽ ഇപ്പോൾ നടന്നുവരുന്ന എല്ലാ നിർമ്മാണ പ്രവർത്തികളും ഈ സാമ്പത്തിക വർഷംതന്നെ പൂർത്തീകരിക്കുക, NREG പദ്ധതിയുടെ കീഴിൽ കുറഞ്ഞത് 200 തൊഴിൽ ദിനങ്ങളെങ്കിലും ലഭിക്കാൻ വേണ്ട നടപടി സ്വീകരിക്കുക, അട്ടപ്പാടി മേഖലയിലെ പൊതു നിക്ഷേപ പദ്ധതികളെ നിലവിലുള്ള ടഷറി നിയന്ത്രണത്തിൽ നിന്ന് ഒഴിവാക്കുക, കുടിവെള്ള പ്രശ്നം പരിഹരിക്കുക, പുതിയ അംഗൻവാടികൾ ആരംഭിക്കുക, തുടങ്ങിയ തീരുമാനങ്ങൾ 12-11-2014-ാം തീയതിയിലെ മന്ത്രിസഭായോഗം കൈക്കൊണ്ട് നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) അട്ടപ്പാടിയിൽ വിവിധ വകുപ്പുകൾ നടത്തുന്ന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നേതൃത്വം നൽകാനുമാണ് ഒറ്റപ്പാലം സബ് കളക്ടറെ നോഡൽ ഓഫീസറായി നിയമിച്ചിട്ടുള്ളത്. അതിനാൽ ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly